# പള്ളികഥകൾ

## മിനികഥകൾ മുപ്പത്തിയഞ്ച്

ജോയിക്കുട്ടി, ഡിട്രോയിറ്റ്

ജോസഫച്ചൻ ചിരിയോടെ, ചിരിച്ച് വശംകെട്ടാണ് പുതിയ കഥ പറയാൻ തുടങ്ങിയത്. അച്ചനെ സംബന്ധിച്ചിടത്തോളം അത്രയും തമാശ നിറഞ്ഞതാണെങ്കിലും കഥ കേട്ടു കഴിഞ്ഞപ്പോൾ അച്ചൻ ചിരിച്ചത്രയും ചിരിക്കാൻ വക ഇക്കഥയിൽ ഞാൻ കണ്ടില്ല. എന്തായാലും അച്ചൻ പറഞ്ഞതല്ലേ, എഴുതികളയാമെന്ന് കരുതി.

### പാപം

സ്ക്കൂളിലും സെമിനാരിയിലും ഒന്നിച്ച് പഠിച്ചു വളന്നയാളാണ് തോമസ് കോര അച്ചൻ. സന്ന്യാസജീവിതം നയിക്കുന്ന അദ്ദേഹം ഭാവിയിൽ ഒരു മെത്രാൻ ആകുമെന്ന സ്വപ്നത്തിലാണ് ജീവിക്കുന്നത്. സ്വന്തം സതീർത്ഥ്യന് പറ്റിയ വലിയ അമളി നമ്മുടെ ജോസഫ് അച്ചനെ സംബന്ധിച്ചിടത്തോളം വളരെ തമാശ നിറഞ്ഞതായിരിക്കണമല്ലോ.

ഈ സംഭവം നടക്കുന്നത് വളരെ വഷങ്ങൾക്കു മുമ്പാണ്. അന്ന് നമ്മുടെ കഥാ പുരുഷൻ അമേരിക്കയിലാണ്. നാല് പള്ളിയുടെ വികാരിയാണ്. ഓരോ പള്ളിയിലും ഏകദേശം ഇരുപത്, ഇരുപത്തിയഞ്ച് കൂടിവന്നാൽ മുപ്പതു കുടുംബങ്ങൾ മാത്രമാണുള്ളത്. ആ ഓരോ ഇടവകക്കാക്കും ഒരു മുഴുവൻ സമയ അച്ചനെ ശമ്പളം കൊടുത്തു നിത്താൻ തക്ക കഴിവില്ലായിരുന്നു. മാസത്തിലൊരിക്കൽ ആരാധനയും കാര്യങ്ങൾ നടത്താനായി അച്ചനെ കിട്ടിയാൽ മതി. ആരാധന നടത്തേണ്ട സ്ഥലം വാടകക്കെടുക്കുക തുടങ്ങി പല കാര്യങ്ങൾ ഇടവകക്കാർ ചെയ്യേണ്ടതുണ്ട്. തന്മൂലം നമ്മുടെ കോര അച്ചൻ മാസത്തിൽ ഓരോ സ്ഥലത്തും പോയി ആരാധന നടത്തി കൊടുക്കും. അഞ്ചു ഞായറാഴ്ച ഉള്ള മാസങ്ങളിൽ ഏതെങ്കിലും പള്ളിക്കാർ ആവശ്യപ്പെടുന്നിടത്ത് ചൊല്ലും. വിശേഷ ദിവസങ്ങളിലും ആവശ്യപ്പെടുന്നവക്കു ചെയ്തു കൊടുക്കും. കൂടാതെ അച്ചൻ സ്വന്തമായി ജോലിയും ചെയ്യുന്നുണ്ട്. തന്മൂലം ഏതെങ്കിലും ഇടവകക്കാക്ക് സാമ്പത്തിക പ്രയാസങ്ങളുണ്ടെന്നറിഞ്ഞാൽ അവരുടെ അടുക്കൽ നിന്ന് കൈമുത്ത് വാങ്ങത്തും ഇല്ല.

ഒരു സ്ഥലത്ത് ആരാധനയ്ക്കെത്തിയാൽ അവർ അച്ചന്റെ യാത്രാച്ചിലവും കൈമുത്തും കൊടുക്കുക എന്നതാണ് രീതി. എന്നാൽ തന്നെയും കെട്ടിട വാടകയും എല്ലാം കൂടെ മൊത്തം ഏകദേസം അഞ്ഞൂറു ഡോളർ ചിലവാണ്. അത്രയും കുടുംബക്കാക്ക് അന്നത്തെ കാലത്ത് അത് വലിയ ഒരു ഭാരമായിരുന്നു. കോര അച്ചനും അക്കാര്യം നല്ലവണ്ണമറിയാമായിരുന്നു. തന്മൂലം പല സ്ഥലത്തു നിന്നും പലപ്പോഴും വണ്ടിക്കൂലി മാത്രമേ കൈപറ്റിയിരുന്നുള്ളു. അങ്ങിനെയായപ്പോൾ എല്ലാവക്കും അച്ചനെ വളരെ പ്രിയമായിരുന്നു. കൂടാതെ അച്ചന്റെ കൊച്ചുവത്ത്മാനവും സരസഗംഭീരമായ പ്രസംഗവും ശ്രുതി മനോഹരമായ ആരാധനയും എല്ലാം കൂടെയായപ്പോൾ ജനങ്ങൾക്ക് കോര അച്ചനെ കൂടാതെ ജീവിക്കാൻ വയ്യ എന്നായി കോരഅച്ചൻ സാധാരണ അതിരാവിലെ എഴുന്നേൽക്കും. മിക്കവാറും എല്ലാ ശനിയാഴ്ചയും കാലത്തെ ആദ്യത്തെ വിമാനത്തിൽ തന്നെ യാത്ര ചെയ്യും. തന്മൂലം ചെല്ലുന്ന സ്ഥലങ്ങളിൽ കുറച്ചു ഭവനസന്ദശനവും നടത്തിയശേഷം വൈകുന്നേരങ്ങളിൽ കുടുംബപ്രാത്ഥനയും കഴിച്ച ശേഷം ഞായറാഴ്ച കാലത്ത് ആരാധനയും കഴിഞ്ഞ ശേഷം ഏറ്റവും അടുത്ത വിമാനത്തിൽ തന്നെ മടക്കയാത്ര തുടരും. ഇതാണ് സാധാരണ പതിവ്. കുടുംബപ്രാത്ഥനകൾ വെയ്ക്കുന്നിടത്ത് യാതൊരു ഭക്ഷണവും പാടില്ലന്ന് പ്രത്യേകം പറഞ്ഞിട്ടുള്ളതുകൊണ്ട്, പ്രാത്ഥനകൾ വെയ്ക്കുന്ന ഭവനക്കാക്ക് യാതൊരു പ്രയാസങ്ങളും ഉണ്ടാകാറില്ല. എന്നിരുന്നാലും പല വീട്ടുകാരും സമൃദ്ധിയായ രുചിയേറിയ ഭക്ഷണങ്ങൾ ഉണ്ടാക്കാറുണ്ട്.

അച്ചൻ ഞായറാഴ്ച കഴിഞ്ഞാൽ ആ പള്ളിയിൽ നല്ല രുചിയേറിയഭക്ഷണം ആരുടെയെങ്കിലും വകയായി ഉണ്ടായിരിക്കും. പള്ളിയിൽ പ്രത്യേകം മുറിയിൽ ഭക്ഷണം വെച്ചു കൊടുത്താൽ അച്ചനതിഷ്ടമല്ല. എല്ലാവരും കൂടെയിരുന്ന് ഭക്ഷണം കഴിക്കുന്നതാണ് അച്ചനിഷ്ടം. അച്ചന് മീൻ കറിവെച്ചതും വറത്തതും വലിയ ഇഷ്ടമാണെന്ന് അറിയാവുന്ന പള്ളിക്കാർ അച്ചന് മീൻ വറത്തതോ പപ്പാസു വെച്ചതോ വേറേ വിളമ്പും. കൂടാതെ മടക്ക യാത്രയിൽ പൊതിഞ്ഞുകെട്ടി കറികൾ വെച്ചു കൊടുക്കുന്ന കൂട്ടത്തിൽ ഇതും പ്രത്യേകം വെച്ച് കൊടുത്തുവിടും. അത് അച്ചനും വളരെ സന്തോഷവും, ജനങ്ങൾക്ക് അനുഗ്രഹകരമായ ഒരു രീതിയായി കണക്കാക്കുന്നു.

അച്ചൻ തനിയെ താമസിക്കുന്ന ദയറാ അച്ചനായതു കൊണ്ട് കാലത്ത് അല്പം ഓട്സ് ഉണ്ടാക്കി കഴിച്ച് ജോലിക്കു പോയാൽ വൈകുന്നേരം വന്ന് ചോറു വെച്ചാൽ ആൾക്കാർ തന്നു വിട്ട കറികളുമായി കാര്യം സാധിക്കും. ഒരു സ്ഥലത്തു നിന്ന് തന്നു വിടാറുള്ള കറികൾ കൊണ്ട് അടുത്ത യാത്ര പോകുന്നതു വെരെയുള്ള ദിവസങ്ങൾ ഭംഗിയായി കഴിച്ചു കഴിച്ചുകൂട്ടും. ആരോടും ഒരുപരാതിയോ പരിഭവമോ ഇല്ലാതെ കോര അച്ചൻ ജീവിതം ഭംഗിയായി കഴിച്ചു കൊണ്ടിരുന്നു.

അച്ചന്റെ ഒരു കസിൻ ഉള്ള ഒരു സ്ഥലത്തും അച്ചൻ ഇക്കൂട്ടത്തിൽ പോകാറുണ്ടെങ്കിലും, ഇത്രയും കാലമായിട്ടും അച്ചൻ അവിടെ ചെല്ലുമ്പോൾ അവിടെ താമസിപ്പിക്കാനോ അവക്ക് ഭക്ഷണം നലകിയും മറ്റും പരിചരിക്കാനും അവസരം കിട്ടിയിരുന്നില്ല. അച്ചൻ അവിടെയെന്നു മാത്രമല്ല എവിടെ ചെന്നാലും ആൾക്കാർ തിരക്കാണ് അച്ചനെ താമസിപ്പിക്കാനും സൽക്കരിക്കാനും. ഇപ്രാവശ്യം ആ കേട് തീത്ത് നേരത്തെ വേണ്ട ഏപ്പാടുകൾ ചെയ്തതു മൂലം അച്ചനെ അവരുടെ കൂടെ താമസിപ്പിക്കാനും മറ്റും അവസരം കിട്ടി. അവർ അതിൽ വളരെയധികം സന്തോഷിച്ചിരിക്കുകയാണ്.

മാത്യൂ കോരയാണ് അച്ചന്റെ കസ്സിൻ. ഏകദേശം മുപ്പതു വഷമായി അവർ അമേരിക്കയിൽ വന്നിട്ട്. വന്ന കാലം മുതൽ അവർ ആ സ്ഥലത്താണ് താമസിച്ചതും. അയാൾ കമ്പ്യൂട്ടർ ഇഞ്ചനീയറും ഭാര്യ റജിസ്ട്രേഡ് നേഴ്സും ആണ്. ഒരാണും ഒരു പെണ്ണും മക്കൾ. രണ്ടു പേരുടേയും വിവാഹവും കഴിഞ്ഞു. നല്ല വല്ല്യ ഒരു വീടും വിലകൂടിയ കാറുകളും അവക്കുണ്ട്. മക്കളെ രണ്ടു പേരേയും നാട്ടിൽ കൊണ്ടു പോയി വിവാഹം കഴിപ്പിച്ച് തൊട്ടടുത്തു തന്നെ താമസിപ്പിച്ചിട്ടുണ്ട്. സത്യം പറഞ്ഞാൽ അവർ കാരണമാണ് അവിടെ ഒരു ആരാധന തന്നെ തുടരാൻ കാരണം. സാവകാശം അച്ചനെ അവിടെ കൊണ്ടുവന്ന്സ്ഥിരം താമസിപ്പിച്ച് മുഴുവൻ സമയ വികാരിയച്ചനാക്കി തീത്ത് അവരുടെ വളരെയടുത്ത് താമസിപ്പിക്കണമെന്നും അവക്കാഗ്രഹമുണ്ട്. മെത്രാനാകാൻ കൊതിച്ചിരിക്കുന്ന അച്ചനെ അതിന് കിട്ടുമോ?

അച്ചന് അടപ്രഥമനും കരിമീൻ പപ്പാസും വളരെ ഇഷ്ടമെന്നറിയാവുന്ന അവർ അത് ധാരാളമായി അത്താഴത്തിന് അച്ചനെ കഴിപ്പിച്ചു. "അമിതഭക്ഷണം പാപമെന്ന്" എപ്പോഴും പ്രസംഗിക്കുന്ന അച്ചനും മതിമറന്ന് കഴിച്ചു. പിറ്റെ ദിവസം കാലത്തു മുതൽ അച്ചന് തൂറ്റലും ഛർദിയും തുടങ്ങി. ഛർദിച്ച് അച്ചന്റെ ഡന്റേച്ചർ സെറ്റുകൂടി ഛർദിച്ച് കക്കൂസിൽ കൂടെ കളയാനിടയായി. "അമിത ഭക്ഷണം കഴിച്ച് ഞാൻ പാപം ചെയ്തു പോയി" എന്ന് പ്രലപിച്ച അച്ചന് അന്നത്തെ ആരാധന മുടങ്ങി.